# മൗലികതയിലെ മേഘതിമിരം

**കെ. ഉമർമൗലവി**

**സൽസബീൽ മാസിക, 1994 ആഗസ്ത് 20**

പരിശുദ്ധവചനം ഉൾക്കൊള്ളുന്ന തത്വം സവിസ്തരം പ്രതിപാദിച്ചു കഴിഞ്ഞു. അതിൻെറ ചുരുക്കം ഇതാണ്. ആരാധിക്കപ്പെടേണ്ടവൻ അല്ലാഹു അല്ലാതെ ഇല്ല എന്നാണ് ഈ വചനത്തിൻെറ അർത്ഥം. ആരാധന എന്നുവെച്ചാൽ മറഞ്ഞ വഴിയിൽ ഗുണം ആശിക്കയോ ദോഷം പേടിക്കയോ ചെയ്തുകൊണ്ട് ഒരു വസ്തുവിനെ വന്ദിക്കൽ. അപ്പോൾ അങ്ങനെ വന്ദിക്കുവാൻ തരപ്പെട്ടവൻ അല്ലാഹു മാത്രമാണ്; വേറെ ആരുമില്ല എന്നു സാരം. ഈ വന്ദനം ഏറ്റം പ്രകടമാകുന്നതു പ്രാർത്ഥനയിലാണ്. അതുകൊണ്ട് പ്രവാചകൻ പറഞ്ഞു "പ്രാർത്ഥന തന്നെയാണ് ആരാധന".

സ്വന്തം നിലക്കോ മറ്റുള്ളവരുടെ സഹായത്തോടുകൂടിയോ നേടിയെടുക്കാൻ കഴിയാത്ത വല്ല ആവശ്യമോ, തട്ടിനീക്കാൻ കഴിയാത്ത വല്ല അപകടമോ നേരിടുമ്പോൾ മനുഷ്യൻ തൻെറ പാപ്പരത്തം വെളിവാക്കുകയും അത്യധികം താഴ്മയും വിനയവും പ്രകടിപ്പിക്കുകയും അതിരുകവിഞ്ഞ വന്ദനവും ബഹുമാനവും കാണിക്കുകയും ചെയ്തുകൊണ്ട് പ്രാർത്ഥനസഹിതം ആത്മീയമായി പലരെയും സമീപിക്കുന്നുണ്ട്. അങ്ങനെ വന്ദിക്കപ്പെടുന്നവസ്തുക്കളെല്ലാം ഇലാഹുകളാകുന്നു. ആ ഇലാഹുകളെയെല്ലാം നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്തുകൊണ്ട് അല്ലാഹുവിനെമാത്രം മുറുക്കിപ്പിടിക്കലാണ് തൗഹീദ്. പരിശുദ്ധ വചനം ഉൾക്കൊള്ളുന്ന തത്വം ഇതാകുന്നു.

ഈ തത്വത്തിന് വിരുദ്ധമായതും അജ്ഞത നിമിത്തം നമ്മുടെ സമുദായത്തിൽ നിരാക്ഷേപമെന്നോണം പ്രചരിച്ചിട്ടുള്ളതുമായ ഒട്ടനവധി കാര്യങ്ങളുണ്ട്. അവയെപ്പറ്റി അല്പം വിവരിക്കുവാനാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്.

## ഇസ്തിഗാസ

കാര്യകാരണബന്ധത്തിനു പുറമെയുള്ള മാർഗത്തിൽ (മറഞ്ഞ മാർഗത്തിൽ) എന്തെങ്കിലും ആവശ്യം സാധിക്കുവാനായി ബദ്രീങ്ങളെയും മുഹ്യിദ്ദീൻ ശൈഖിനെയും വിളിച്ചു സഹായം തേടൽ പതിവുണ്ടല്ലോ. ഇതു പരിശുദ്ധ വചനത്തിന് കടകവിരുദ്ധമായ കാര്യമാണ്. എന്തുകൊണ്ടെന്നാൽ ശൈഖ് അവർകളെ അതിരുകവിഞ്ഞു വന്ദിക്കുകയും, ശൈഖിൻെറ മുന്നിൽ താഴ്മ കാണിക്കുകയും എന്തെങ്കിലും നിലയിൽ ശൈഖ് അവർകൾ കാര്യം നിറവേറ്റിത്തരുമെന്നാശി

ക്കുകയും ചെയ്യുന്നതുകൊണ്ടാണല്ലോ ഇങ്ങനെ വിളിച്ചു തേടുന്നത്. മറഞ്ഞ വഴിയിൽക്കൂടിയുള്ള ആശയും ഭയവുമാണിതിൻെറ അടിസ്ഥാനം. അപ്പോൾ അല്ലാഹുവിൻെറ മുമ്പിൽ സമർപ്പിക്കേണ്ടതായ അപേക്ഷ അല്ലാഹുവിൻെറ അടിമയും വലിയ്യുമായ ശൈഖ് അവർകളുടെ മുമ്പിൽ സമർപ്പിക്കുകയാണല്ലോ ചെയ്യുന്നത്. ഇത്തരം അപേക്ഷക്കാണ് അറബിഭാഷയിൽ 'ദുആഅ്' എന്നും മലയാളത്തിൽ പ്രർത്ഥന എന്നും പറയുന്നത്. അതു ആരാധനയാണ്. "അല്ലാഹുവേ രക്ഷിക്കണേ" എന്നു തേടൽ അല്ലാഹുവിനെ ആരാധിക്കലും, 'മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ" എന്നു തേടൽ ശൈഖിനെ ആരാധിക്കലുമാകുന്നു. മറഞ്ഞ വഴിയിൽക്കൂടിയുള്ള ആശയും ഭയവും നിമിത്തം അതിരുകവിഞ്ഞു ബഹുമാനിക്കുക എന്ന സംഗതി ഇതിൻെറ ഉള്ളിലുള്ളതാണതിൻെറ കാരണം. അതിനാൽ ഇതു ആരാധനയാണെന്നു മാത്രമല്ല, കാര്യമായ ആരാധന തന്നെ ഇതാണ്. മറ്റു ആരാധനകളെല്ലാം മനുഷ്യൻ ചെയ്യുന്നതു ഈ ആരാധന സ്വീകരിക്കപ്പെടുവാൻ വേണ്ടിയാണ്. അതിനു പുറമെ ആരാധനയുടെ ഇനത്തിൽപ്പെട്ട ഏതൊന്ന് എടുത്തു നോക്കിയാലും അതിൻെറ ജീവൻ അല്ലാഹുവിൻെറ രക്ഷയിലുള്ള ആശയും ശിക്ഷയെപ്പറ്റിയുള്ള ഭയവുമാണെന്നു കാണാം. ഇതു രണ്ടുമില്ലെങ്കിൽ യാതൊരു കർമ്മവും ആരാധനയായി ഒരിക്കലും അംഗീകരിക്കപ്പെടുകയില്ല. നെറ്റിത്തടം ഭൂമിയിൽവെച്ചു കൊണ്ടുള്ള ഒരു കർമ്മമുണ്ടല്ലോ. ആ സമയത്ത് അയാളുടെ മനസ്ഥിതി എന്തെന്നു നോക്കിയിട്ടേ കാര്യം തീരുമാനിക്കുവാൻ നിവൃത്തിയുള്ളൂ. അല്ലാഹുവിനോടുള്ള ഭയഭക്തിയും അവൻെറ പൊരുത്തം ആശിക്കലുമാണവൻെറ മനസിലെങ്കിൽ അത് അല്ലാഹുവിനു ആരാധനയാണ്. നാഹൂരിലെ 'ആണ്ടവരോടു'ള്ള ഭയഭക്തിയും വന്ദനവുമാണെങ്കിൽ അതു അവർക്കു ആരാധനയാണ്. അങ്ങനെയുള്ള യാതൊരു വിചാരവും കൂടാതെ വെറുതെ കീഴ്ക്കാൻ തൂക്കായി കിടക്കുകയാണെങ്കിൽ അതിൽ യാതൊന്നുമില്ല.

ആകയാൽ മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ എന്നിതുപോലെയുള്ള ഇസ്തിഗാസ പരിശുദ്ധ വചനത്തിനു കടക വിരുദ്ധമായ സംഗതിയാണെന്നതിൽ യാതൊരു സംശയവുമില്ല. ഇസ്തിഗാസകൊണ്ട് മനുഷ്യൻ കാഫിറാകുമെന്നതിൻെറ പ്രധാന കാരണം ഇതാണ്. അതായത് അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുകയെന്ന ശിർക്കിൻെറ ആരാധനയാണത്.

ഇസ്തിഗാസയിൽ കുഫ്റിന്നു കാരണങ്ങൾ വേറെയുമുണ്ട്. (ഒന്ന്) ശൈഖവർകളെ വിളിച്ചുതേടുമ്പോൾ ശൈഖ് അത് കേൾക്കുമെന്ന് മനുഷ്യൻ വിശ്വസിക്കുന്നുണ്ടല്ലോ. എങ്ങനെയാണു കേൾക്കുക. ഉറങ്ങിയാൽത്തന്നെ കേൾക്കുകയില്ല എന്നതാണ് അനുഭവം. പിന്നെ മരിച്ചാൽ കേൾക്കുമോ? അതിനുപുറമെ ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വിളിക്കുന്നതൊക്കെ ശൈഖവർകൾ കേൾക്കുമെന്നു വരുന്നപക്ഷം ശൈഖിൻെറ കേൾവി അല്ലാഹുവിൻെറ കേൾവിക്കു സമമാണെന്നു വരും. അങ്ങനെ കരുതൽ കുഫ്റാണെന്നതിൽ യാതൊരു

സംശയവുമില്ല. അപ്പോളൊരു ചോദ്യം. ബദ്റിലെ കിണറ്റിൽ മുശ്രിക്കീങ്ങളുടെ ശവങ്ങൾ ഇട്ടതിനു ശേഷം നബി(സ) അവരോടു സംസാരിച്ചല്ലോ! ഉത്തരം: സംസാരിച്ചു അതവർ കേൾക്കുകയും ചെയ്തു. അതിനെപ്പറ്റിയുള്ള ഹദീസ് സഹീഹാണ്. എന്നാൽ മുഹ്യുദ്ദീൻ ശൈഖവർകൾ എല്ലാം കേൾക്കുമെന്ന് ഈ ഹദീസിൽ നിന്നെങ്ങനെ മനസിലാക്കും. ഇബ്രാഹിം നബി(അ) തീയിലെറിയപ്പെട്ടപ്പോൾ ഒരു രോമം പോലും കരിഞ്ഞില്ല. മനുഷ്യൻ തീയിൽ വീണാൽ പൊള്ളുകയില്ലെന്ന് അതിൽനിന്ന് മനസിലാക്കാൻ പറ്റുമോ? പ്രവാചകൻമാരുടെ പ്രത്യേക വിഷയങ്ങളോട് മറ്റുള്ളവരുടെ കാര്യങ്ങൾ ഒപ്പിച്ചുപറയുവാൻ ഒരു നിലയിലും നിവർത്തിയില്ല. ഇബ്രാഹിം നബി(അ)യുടെ രോമം പോലും കരിഞ്ഞില്ലല്ലോ എന്നുവെച്ച് ആരും തീയ്യിൽ ചാടേണ്ട. (രണ്ട്) ശൈഖവർകൾ അറിയണമല്ലോ; ഇന്നയാൾ ഇന്ന കാര്യത്തിനു വേണ്ടി എന്ന് ആളും ആവശ്യവും മാറിപ്പോകാതെ കണിശമായി അറിയണമല്ലോ. നാനാ രാജ്യങ്ങളിൽ നിന്നും ആയിരക്കണക്കിനാളുകൾ അനേകം ഭാഷകളിൽ വിളിക്കുന്നുണ്ട്. ഓരോരുത്തരുടേയും ആവശ്യം ഓരോന്നാണ്. ഇതു ശരിക്ക് അറിയുകയെന്നതു വലിയൊരു സംഗതിയാണ്. സർവ്വജ്ഞനായ അല്ലാഹു തീർച്ചയായും അതറിയുമെന്നു നാം വിശ്വസിക്കുന്നു ഇസ്ലാമിൻെറ അഖീദഃ അതാണെന്നു നാം വാദിക്കുകയും ചെയ്യുന്നു. അപ്പോൾ അതു പോലെ ശൈഖവർകൾ അറിയുമെന്നു വരുന്നപക്ഷം ശൈഖിൻെറ അറിവു അല്ലാഹുവിൻെറ അറിവിന്നു സമമാണെന്നു വരും. അങ്ങിനെ കരുതിയാൽ മതി മനുഷ്യൻ കാഫിറാകാൻ. ബദ്ർയുദ്ധത്തിൽ ശത്രുസൈന്യത്തിൽ എത്ര പേരുണ്ടെന്നറിയാൻ വേണ്ടി നബി (സ) എടുത്ത പണി പരക്കെ അറിയപ്പെട്ടതാണ്. ഭക്ഷണത്തിനുവേണ്ടി ദിവസേന എത്ര ഒട്ടകത്തെയാണ് അവർ അറുക്കുന്നതെന്ന് നബി (സ) അന്വേഷിച്ചു. ഒരു ദിവസം പത്തും പിറ്റേ ദിവസം ഒമ്പതും അറുക്കുന്നുണ്ടെന്നു വിവരം കിട്ടി. അപ്പോൾ നബി (സ) കണക്കുകൂട്ടിയെടുത്തു തൊള്ളായിരത്തി അമ്പതോളം ആളുണ്ടായിരിക്കുമെന്ന്. എങ്ങിനെയെന്നാൽ ഒരൊട്ടകം നൂറാൾക്കു മതിയെന്നാണ് വെപ്പ്. അപ്പോൾ പത്തെണ്ണം അറുത്താൽ മാംസം കുറെ ബാക്കിയാവും. പിറ്റേന്ന് ഒമ്പതെണ്ണം അറുത്ത് തലേന്നത്തെ ബാക്കിയും കൂട്ടി ഭക്ഷിക്കും. ഇങ്ങിനെയാണ് അടുത്ത സ്ഥലത്തു തടിച്ചുകൂടിയിരിക്കുന്ന ആളുകളുടെ എണ്ണം നബി (സ) മനസ്സിലാക്കിയത്. എന്നിട്ടു നമ്മുടെ സുന്നിമുസ്ലിയാക്കൾ പറയുന്നു: ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അനേകായിരങ്ങൾ മുഹ്യിദ്ദീൻ ശൈഖിനെ വിളിച്ചു രക്ഷ തേടിയാൽ ശൈഖവർകൾ അതെല്ലാം അറിയും എന്നു മാത്രമല്ല, ഓരോ ആളെപ്പറ്റിയും ആവശ്യത്തെപ്പറ്റിയും പരസ്പരം മാറിപ്പോകാതെ വിശദമായും കണിശമായും വസ്തുനിഷ്ഠമായും അറിയുമെന്ന്. ഇതൊരു പുതുമയുമാണ്. ഇങ്ങിനെ വരുന്നപക്ഷം അല്ലാഹുവിൻെറ അറിവും ശൈഖവറുകളുടെ അറിവും തമ്മിൽ എന്താണു വ്യത്യാസം? ഈ നിലയിൽ വിശ്വസിക്കുന്നവൻ കാഫിറല്ലെങ്കിൽ പിന്നെ ലോകത്തു കാഫിറുണ്ടോ? അബൂജഹലിനെക്കാളും ഭയകര കാഫിറല്ലെ ഈ വിശ്വാസക്കാരൻ.

(മൂന്ന്) മുഹ്യ്ദ്ദീൻ ശൈഖേ രക്ഷിക്കണേ എന്നു വിളിച്ചു തേടുന്നവൻ കാര്യം നിറവേറ്റിത്തരുവാൻ ശൈഖവർകൾക്കു ശക്തിയുണ്ടെന്നു വിശ്വസിക്കുന്നു. തൻെറ ഹിതം പോലെ ചെയ്യുവാൻ തക്ക പരിപൂർണ്ണ ശക്തിയുണ്ടെന്നു വിശ്വസിച്ചാലും പടച്ചവൻെറ അടുക്കൽ ശുപാർശ പറഞ്ഞ് ചെയ്യിച്ചു തരുവാൻ തക്ക സ്വാധീന ശക്തിയുണ്ടെന്ന് വിശ്വസിച്ചാലും. ഇതു രണ്ടിൽ ഏതായാലും കാഫിറാകും.

അപ്പോൾ നാലു കാര്യങ്ങളായി (1) അല്ലാഹു അല്ലാത്തവരോടു പ്രാർത്ഥിക്കൽ (2) അല്ലാഹുവിൻെറ കേൾവിക്കു സമമായ കേൾവി ശൈഖവർകൾക്കുണ്ടെന്നു വിശ്വസിക്കൽ. (3) അല്ലാഹുവിൻെറ അറിവിനു സമമായ അറിവു ശൈഖവർകൾക്കുണ്ടെന്നു വിശ്വസിക്കൽ (4) ശൈഖവർകൾക്ക് സ്വതന്ത്രമായ ശക്തിയോ ശുപാർശയുടെ സ്വാധീന ശക്തിയോ ഉണ്ടെന്നു വിശ്വസിക്കൽ. ഈ നാലിൽ ഓരോന്നും തനി കുഫ്റാകുന്നു. അപ്പോൾ മുഹ്യിദ്ദീൻ ശൈഖേ രക്ഷിക്കണേ എന്ന് ഒരു പ്രാവശ്യം വിളിച്ചുതേടിയാൽ നാലു വട്ടം കാഫിറാകും എന്നുള്ളതാണ് സത്യം. ഇസ്തിഗാസഃ വിശകലനം ചെയ്തു നോക്കിയാൽ ഈ യാഥാർത്ഥ്യം ഏതൊരാൾക്കും ബോദ്ധ്യമാകുന്നതാണ്.

അട്ടിയട്ടിയായി ശിർക്കുകളും കുഫ്റുകളും ഉൾക്കൊള്ളുന്ന ഈ ഇസ്തിഗാസഃ അനുവദനീയമാണെന്നു മാത്രമല്ല അല്ലാഹു കൽപിച്ച പുണ്യകർമ്മമാണെന്നും പ്രവാചകൻമാർ ആചരിച്ചു വന്നിട്ടുള്ളതാണെന്നും വരുത്തിത്തീർക്കുവാനായി സുന്നി മുസ്ലിയാക്കൾ ഖുർആൻ ആയത്തുകളുടെ അർത്ഥം മാറ്റി മറിച്ചുകൊണ്ട് പ്രസിദ്ധീകരണങ്ങളും പ്രസംഗങ്ങളുമായി നടക്കുന്നു. ആരെങ്കിലും മുഹ്യിദ്ദീൻ ശൈഖേ രക്ഷിക്കണേ എന്നു തേടുന്നതു കേട്ടാൽ അവർക്കു തൃപ്തിയായി ആ തേടിയവൻ മുസ്ലിമാണെന്നും ശരിയായ സുന്നിയാണെന്നും മുസ്ലിയാക്കൾ പറയും. അല്ലാഹുവേ രക്ഷിക്കണേ, എന്നു വിളിച്ചു തേടുന്നതു കേട്ടാൽ അവർ തൃപ്തിപ്പെടുകയില്ല ആ തേടിയവൻ മുഅ്മിനോ കാഫിറോ എന്നു മുസ്ലിയാക്കൾ സംശയിക്കും. സംശയം തീരണമെങ്കിൽ മുഹ്യിദ്ദീൻ ശൈഖിനെയും കൂടി വിളിച്ചു തേടണം. കാര്യം ഇപ്പോൾ എവിടെ എത്തിയിരിക്കുന്നു എന്നു ചിന്തിക്കുക. മുസ്ലിം സമുദായത്തിൻെറ ദുരവസ്ഥ എത്ര ദയനീയം? ഇനി എന്താണു ബാക്കിയുള്ളത്? വെള്ളപ്പൊക്കം എവറസ്റ്റ് കൊടുമുടിയുടെ മേലെ കയറിപ്പോയി. പടച്ചവൻ ഈ ആളുകളെ ഈ ലോകത്തു സുഖമായി ജീവിക്കുവാൻ വിട്ടിരിക്കുന്നതും, അവർക്കു മുതലും മക്കളും സ്ഥാനമാനങ്ങളും നൽകുന്നതും കണ്ടിട്ട് ആരും തെറ്റിദ്ധരിക്കേണ്ട. അതുകൊണ്ടെല്ലാം അല്ലാഹു അവരെ പരീക്ഷിക്കുകയും ശിക്ഷിക്കുകയുമാണ്. അല്ലാഹുവിൻെറ ക്ഷമ അത്യത്ഭുതകരം!

## നേർച്ച

പരിശുദ്ധ വചനത്തിനു വിരുദ്ധമായ ഒന്നാണ് അല്ലാഹു അല്ലാത്തവരുടെ പേരിൽ നേർച്ചയാക്കൽ. മുഹ്‌യിദ്ദീൻശൈഖിൻെറ പേരിൽ ഒരു ഖത്തം ഓതുക എന്നുവച്ചാൽ ശൈഖിൻെറ പൊരുത്തം ലഭിക്കുവാനും അങ്ങനെ ശൈഖവർകൾ തൻെറ കാര്യം നിറവേറ്റിത്തരുവാനും വേണ്ടി ഖുർആൻ ആദ്യാവസാനം ഓതുകയെന്ന മഹത്തായ ഇബാദത്ത് ചെയ്യുകയാണല്ലോ. സൃഷ്ടിയുടെ പ്രീതിക്കുവേണ്ടി ആരാധന ചെയ്യൽ ശിർക്കാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. ശൈഖിൻെറ പേരിൽ ഖുർആൻ ഓതുക എന്നതിൻെറ സ്ഥിതി തന്നെ ഇതാണെങ്കിൽ അതിനു നേർച്ചയാക്കിയാലത്തെ സ്ഥിതിയെന്ത്? കാഫിറാകുവാൻ നേർച്ചയാക്കലാണത്. പിന്നെ എങ്ങനെയാണ് ഈ നേർച്ച, ശിർക്കിൽനിന്നു രക്ഷപ്പെട്ടതാകുക.

ശൈഖവർകളുടെ പേരിൽ ആടിനെയും കാളയെയും നേർച്ചയാക്കുന്നുണ്ടല്ലോ. നാടു മുഴുവനും ശിർക്കു പരത്തുന്ന ജീവികളാണ് ആ നേർച്ച മൃഗങ്ങൾ. എങ്ങിനെയെന്നാൽ ആ നേർച്ചക്കാള യഥേഷ്ടം നാട്ടിൽ വിഹരിക്കും. ഇതു ശൈഖിൻെറ കാളയാണെന്ന പേരിൽ ആളുകൾ അതിനെ ബഹുമാനിക്കും. വിള തിന്നാൻ ചെന്നാൽ ബഹുമാനപൂർവ്വം അനുവദിക്കും. ഇങ്ങിനെ പലതും. ഇതൊക്കെയും ആരാധനകളാണ്. ശൈഖിൻെറ കാളയല്ലേ എന്നു കരുതി അപ്പോൾ വെറുതെയിരുന്നാൽ മതി മനുഷ്യൻ കാഫിറാകാൻ. ആ വെറുതെയിരിക്കൽ ശരിയായ ആരാധനയാണ്.

ഓമാനൂർ ശുഹദാക്കളുടെ നേർച്ചപ്പെട്ടി പലേടത്തും കാണാം. ഞാനൊരിക്കൽ ഒരു സമൂഹത്തിൽ ഒരു ചോദ്യമിട്ടു. ഓമാനൂർ ശുഹദാക്കൾക്കു നേർച്ചയാക്കിയാൽ വസ്തു നമ്മുടെ അയൽപക്കത്തും പരിചയത്തിലും കുടുംബത്തിലുമുള്ള പട്ടിണിക്കാർക്ക് ഈ നിയ്യത്തോടുകൂടെ കൊടുത്താൽ മതിയാകുകയില്ലേ? എന്ന്. കിത്താബോതി പഠിച്ച മുസ്ലിയാക്കൾ ആ സമൂഹത്തിലുണ്ടായിരുന്നു. എല്ലാവരും യോജിച്ചുകൊണ്ട് ഏകകണ്ഠമായി പറഞ്ഞു: അതു മതിയെന്ന്. പിന്നെ എന്തിനാണ് പെട്ടിയിൽ കൊണ്ടുവന്നിടുന്നതെന്നു ഞാൻ ചോദിച്ചു. പെട്ടി സ്ഥാപിച്ചവരുടെ ദുരുദ്ദേശം പൂർത്തിയാവാൻ എന്ന് ഞാൻ തന്നെ മറുപടിയും പറഞ്ഞു. അവരുടെ ഉദ്ദേശം നിറവേറ്റികൊടുക്കാൻ ഈ ആളുകളൊക്കെ ഇത്ര വലിയ വിഡ്ഢികളായിപ്പോയോ?

ഓമാനൂർ ശുഹദാക്കൾക്കുവേണ്ടി നേർച്ചയാക്കിയാൽ ഇന്ന ആൾ ഇന്ന കാര്യത്തിനുവേണ്ടി ഇന്നതു നേർച്ചയാക്കിയെന്നു ശുഹദാക്കൾ അറിയുമോ? ജീവിച്ചിരുന്ന കാലത്ത് ഉറങ്ങിയാൽ തൊട്ടടുത്തുവച്ചു നടക്കുന്ന സംഭവങ്ങൾ അറിയുകയില്ലായിരുന്നു. പിന്നെ ഇപ്പോൾ അറിയുന്നതെങ്ങനെ? അറിയുമെന്നു വെറുതെ സങ്കൽപിക്കുന്നപക്ഷം അവർ ഈ നേർച്ചയും നിബന്ധനയും സ്വീകരിക്കുമോ? സ്വീകരി

ക്കുവാനുള്ള അധികാരം അവർക്കു എവിടെനിന്നു കിട്ടി? മറഞ്ഞ അറിവും മറഞ്ഞ ശക്തിയുമെല്ലാം അല്ലാഹുവിൻെറ സ്വന്തമാണെന്നാണല്ലോ ഇസ്ലാമിൽ പറയുന്നത്. എങ്ങനെ നോക്കിയാലും പരിശുദ്ധ വചനത്തിനു എതിരാണ് അല്ലാഹു അല്ലാത്തവരുടെ പേരിലുള്ള നേർച്ചയുടെ എല്ലാ വശങ്ങളും.

### മൗലീദ്, മാല, റാത്തീബുകൾ

നേർച്ചക്കാരുടെ പ്രീതി നേടുവാൻ വേണ്ടി മൗലിദ്, മാല മുതലായത് കഴിക്കുന്നല്ലോ. അവയുടെ ഉള്ളടക്കത്തിലേക്ക് ഇപ്പോൾ നോക്കുന്നില്ല. ഉള്ളടക്കം നിർദ്ദോഷമാണെന്നു സങ്കൽപിക്കുക. എന്നാലും അവ ആചരിക്കുന്നത് ആ നേർച്ചക്കാരുടെ പ്രീതി സമ്പാദിക്കുവാൻ വേണ്ടിയാണല്ലോ. അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കുവേണ്ടി ഇബാദത്തു ചെയ്യൽ ശിർക്കാണെന്നതിൽ സംശയമില്ല. അതിനാൽ എല്ലാ മാലകളും മൗലിദുകളും റാത്തിബുകളും പരിശുദ്ധ വചനത്തിനു വിരുദ്ധമായ ശിർക്കിൻെറ ആരാധനകളാകുന്നു. അതിൽ യാതൊരു നീക്കുപോക്കും വിട്ടുവിഴ്ചയുമില്ല. മദ്ഹ് പറയലാണുദ്ദേശമെങ്കിൽ അതിങ്ങനെ യല്ല വേണ്ടത്. പറയുന്നവർക്കും കേൾക്കുന്നവർക്കും മനസ്സിലാകുന്ന നിലയിലായിരിക്കണം. അഗതികൾക്കു ഭക്ഷണം കിട്ടുക എന്ന ഒരു കാര്യം ഇതിലുണ്ട്. പക്ഷേ, ഭക്ഷണം കൊടുക്കുന്നവരുടെ ഉദ്ദേശം നേർച്ചക്കാരുടെ പ്രീതി സമ്പാദിക്കലാണല്ലോ. അതിനാൽ ആ അന്നദാനവും പരിശുദ്ധ വചനത്തിനു വിരുദ്ധമായ ശിർക്കിൻെറ ആരാധനയാകുന്നു. ആ ഭക്ഷണം കഴിക്കുന്നതിലും ഇങ്ങനെയുള്ള ഉദ്ദേശം ചിലർക്കുണ്ടാകും. ആ ഭക്ഷണത്തിനൊരു ബർക്കത്തുണ്ടെന്നും അതു കഴിച്ചാൽ രോഗം സുഖപ്പെടുമെന്നും മറ്റും. ആതീറ്റയും ശിർക്കിൻെറ ആരാധനയായി.

### മഖാം (ദർഗ്ഗ) കെട്ടൽ

തങ്ങൻമാർ, ശൈഖുമാർ, ശുഹദാക്കൾ, സാലിഹുകൾ എന്നിവരുടെ ഖബറുകൾക്കു മീതെ മഖാം കെട്ടലുണ്ടല്ലോ. അവർക്കു ആത്മീയമായ, മറഞ്ഞ എന്തോ ശക്തിയുണ്ടെന്ന വിശ്വാസത്താൽ അവരെ വന്ദിക്കലാണ് ഇതിൻെറ ഉദ്ദേശമെന്നതിൽ സംശയമില്ല. അതിനാൽ അത് അവർക്കുള്ള ആരാധനയാണ്. അവിടെ വിളക്കു കത്തിക്കുക, ആ എടുപ്പിനു വെള്ള വലിക്കുക, പെയിൻറ് ഇടുക, മുറ്റം അടിക്കുക മുതലായ എല്ലാ കാര്യങ്ങളും പരിശുദ്ധ വചനത്തിനു വിരുദ്ധമായ ശിർക്കിൻെറ ആരാധനകളാണ്. ആ കബറടക്കപ്പെട്ടവരിൽ നിന്നു വല്ലതും ഉദ്ദേശിച്ചുകൊണ്ട് അങ്ങോട്ടു സിയാറത്തിനു പോവലും ശിർക്കിൻെറ ആരാധനയാണ്. (മമ്പുറത്തു സലാത്തിനു പോവുക എന്ന സംഗതിയുണ്ടല്ലോ, മമ്പുറത്തെ തങ്ങളിൽ നിന്നു വല്ല കാര്യവും സാധിക്കുമെന്ന ഉദ്ദേശം അതിലുണ്ടെന്ന് തീർച്ചയാണ്. അതിനാൽ ആ സലാത്തിൽ പങ്കെടുക്കലും ശിർക്കിൻെറ ആരാധനയാണ്.) അങ്ങിനെയുള്ള ഉദ്ദേശമില്ലാത്ത നിലയിൽ സിയാറത്തിനു പോവലോ? അതും ശരിയല്ല. കാരണം ശിർക്കിൻെറ ഉദ്ദേശത്തോടുകൂടി പോകുന്നവരോടൊപ്പം പങ്കെടുക്കലാണല്ലോ അത്. സിയാറത്തിൻെറ ഫലം അതു പരലോകത്തെ ഓർമ്മിപ്പി

ക്കുന്നു എന്നുള്ളതാണ്. അത്യധികം അലംകൃതമായ ഈ മഖാമുകളുടെ സിയാറത്ത് പരലോകത്തിൻെറ ഓർമ്മ നശിപ്പിക്കുകയാണു ചെയ്യുക. അതിനാൽ സിയാറത്തിൻെറ പുണ്യം ആഗ്രഹിക്കുന്നവർ സാധാരണക്കാരുടെ ഖബർ സിയാറത്തു ചെയ്യുകയാണു വേണ്ടത്. നബി(സ)യുടെ ഖബർ സിയാറത്തു ചെയ്യുന്നതിന്നു പ്രത്യേക പുണ്യം പറഞ്ഞുകൊണ്ടുള്ള ഹദീസുകളിൽ സ്വഹീഹായ ഒരെണ്ണംപോലും ഇല്ല. മിക്കവാറും കളവും ചിലത് ളഈഫുമാണ്. കർബലായിലേയ്ക്കും, നജ്ഫിലേയ്ക്കും, അജ്മീറിലേയ്ക്കും, നാഗൂരിലേയ്ക്കും പോകുന്നവരും ഗുരുവായൂരിലേയ്ക്കും, ശബരിമലയിലേയ്ക്കും പോകുന്നവരും തമ്മിൽ എന്താണു വ്യത്യാസം? എല്ലാവരും ആരാധിക്കുന്നത് അല്ലാഹുവല്ലാത്തവരെയാണല്ലോ.

**തരീഖത്തുകൾ**

ഖാദിരിയ്യ, ജിശ്ത്തിയ്യ, നഖ്ശബന്തിയ്യ മുതലായ പല തരീഖത്തുകളുമുണ്ട്. അതൊക്കെയും പരിശുദ്ധ വചനത്തിനു വിരുദ്ധമായ ശിർക്കിൻെറ ആരാധനയുടെ പരിപാടികളാണ്. ഞാൻ മുമ്പു ഖാദിരിയ്യ തരീഖത്തിൽ മുരീദായി അന്നു ശൈഖവർകൾ എനിക്കു നിർദ്ദേശിച്ച പ്രധാന വിഷയം ലാ ഇലാഹ ഇല്ലല്ലാഹു എന്ന ദിക്റാണ്. പക്ഷേ അതിനു വിരുദ്ധമായ വിചാരത്തോടുകൂടിയായിരിക്കണം അത് ഉരുവിടുന്നത്. അതായത് ശൈഖിൻെറ കോലം എൻെറ മനസ്സിൽ വലിയ ഒരു ഫുൾക്കണ്ണാടിയിലെന്നപോലെ ഹാജരാക്കിക്കൊണ്ട്. ശൈഖ് എൻെറ കൈ പിടിച്ച് അല്ലാഹുവിൻെറ അടുത്തേക്കു കയറ്റിത്തരുമെന്ന വിശ്വാസത്തോടുകൂടി ദിക്റ് ചൊല്ലണമെന്നാണ് കൽപന. നിമിഷം ഒഴിഞ്ഞുപോവാതെ ഇതു സാധിച്ചാൽ ശരിയായ മുരീദായി. അപ്പോൾ ദൈവസന്നിധിയെ പ്രാപിച്ചു. ഈ നിർദ്ദേശം ഞാൻ സ്വീകരിച്ചു. എനിക്കു വളരെ പ്രതീക്ഷയുണ്ടായിരുന്നു. കുറെക്കാലം അതു ഞാൻ കൊണ്ടുനടന്നു. പക്ഷെ പരിശുദ്ധ വചനത്തിൻെറ അർത്ഥം ശരിക്കു മനസ്സിലായപ്പോൾ 'മഹാ കാരുണികനായ അല്ലാഹു എനിക്കു ബോദ്ധ്യപ്പെടുത്തിത്തന്നു'. 'ലാഇലാഹ ഇല്ലല്ലാഹു' എന്നു നാവുകൊണ്ടു ഞാനുച്ചരിക്കുന്നുണ്ടെങ്കിലും ശൈഖിനെയാണ് ഞാനാരാധിക്കുന്നതെന്ന്. മഹാ കാരുണികനായ അല്ലാഹുവിനോടു ഞാൻ പൊറുക്കലിനെ തേടുന്നു. അറിയാതെ ചെയ്തുപോയതാണേ രക്ഷിതാവേ! തരീഖത്തിൻെറ ഉള്ളിലേയ്ക്കും വിശദാംശങ്ങളിലേക്കും ഇപ്പോൾ പ്രവേശിക്കുന്നില്ല. ഒറ്റവാക്കിൽ ഒന്നു ചുരുക്കിപ്പറയുന്നു. എല്ലാ തരീഖത്തുകളും പിശാചിൻെറ പ്രേരണയാൽ ഉടലെടുത്തതാണ്. നമ്മുടെ പിന്നിൽക്കൂടിയുള്ള പിശാചിൻെറ സമീപനമാണ്. പരിശുദ്ധ വചനത്തിനു കടകവിരുദ്ധമായ ശിർക്കിൻെറ ആരാധനകളാണ്.

**കൈ ചുംബിക്കൽ**

തങ്ങൾമാരുടെയും ശൈഖുമാരുടെയും കൈകൾ ചുംബിക്കുന്നുണ്ടല്ലോ. തങ്ങൾക്കും ശൈഖിനും അദൃശ്യവും ആത്മീയവുമായ അസാധാരണ കഴിവും

മറഞ്ഞ അറിവും ഉണ്ടെന്നു വിശ്വസിക്കുകയും ഈ ചുംബിക്കൽ മുഖേന അവരുടെ പ്രീതിയും അതു മുഖേന വേറെ ചിലതും ആശിക്കുകയും ചെയ്തുകൊണ്ടാണ് ചുംബിക്കുന്നതെങ്കിൽ അതു പരിശുദ്ധ വചനത്തിനു വിരുദ്ധമായ ശിർക്കിൻെറ ആരാധനയാകുന്നു. അങ്ങിനെയൊന്നും ഇല്ലാത്ത നിലയിൽ കേവലം ബഹുമാനിക്കൽ മാത്രമാണുദ്ദേശ്യമെങ്കിൽ ശിർക്കു വരികയില്ല. എന്നാലും അതു ശരിയല്ല. കാരണം സമൂഹത്തിൽ അവർക്കൊരുന്നത നില അവകാശപ്പെടുന്നവരാണവർ. ആ അവകാശവാദം അംഗീകരിക്കലാണ് ഈ ചുംബനം. വിനീതൻമാരും മറ്റുള്ളവരുടെ കൈ ചുംബിക്കുന്നവരുമായ തങ്ങൾമാരും ശൈഖുമാരുമാണെങ്കിൽ അവരുടെ കൈ നമ്മളും ചുംബിക്കുന്നതുകൊണ്ടു വിരോധമില്ല.

**മന്ത്രിക്കൽ**

മലക്കുകളുടേയും ജിന്നുകളുടേയും മറ്റു സൃഷ്ടികളുടേയും നാമം ജപിക്കുകയും അവരുടെ സഹായം തേടുകയും ചെയ്തുകൊണ്ടുള്ള എല്ലാ മന്ത്രങ്ങളും പരിശുദ്ധ വചനത്തിനു കടകവിരുദ്ധമായ ശിർക്കിൻെറ ആരാധനകളാകുന്നു. മറഞ്ഞ വഴിയിൽ അല്ലാഹു അല്ലാത്തവരുടെ സഹായം ആശിക്കുകയെന്നതാണ് ശിർക്കിൻെറ മർമ്മം. ഈ മന്ത്രങ്ങളുടെയെല്ലാം കഴമ്പ് അതാണല്ലോ. ബദ്രീങ്ങളുടെ നാമങ്ങൾ ജപിച്ചുകൊണ്ടു മന്ത്രിക്കുമ്പോൾ ബദ്രീങ്ങളുടെ സഹായം (സ്വന്തം നിലയ്ക്കായാലും ശുപാർശ മുഖാന്തിരമായാലും) തേടുന്നുണ്ടല്ലോ. ബദ്രീങ്ങൾ പടച്ചവൻമാരല്ല. പടപ്പുകളാണ്. അവിടെ പോയി കാര്യം. പടച്ചവന്നു പ്രിയപ്പെട്ടവരും അല്ലാത്തവരും എന്ന വ്യത്യാസം ഇവിടെ ഇല്ല. പടച്ചവനും പടപ്പും എന്ന വ്യത്യാസമേ ഇവിടെ നോക്കാനുള്ളൂ. അതിനാൽ ഇത്തരം മന്ത്രങ്ങളെല്ലാം പരിശുദ്ധ വചനത്തിനു കടകവിരുദ്ധമായിട്ടുള്ള ആരാധനകളാകുന്നു.

എന്നാൽ അല്ലാഹുവിൻെറ നാമങ്ങൾ മാത്രം ജപിച്ചുകൊണ്ടും അല്ലാഹുവിനോടു മാത്രം രക്ഷതേടികൊണ്ടുമുള്ള മന്ത്രങ്ങളാണെങ്കിലോ? അതിൽ ശിർക്കു വരികയില്ല. കാരണം വ്യക്തമാണ്. മനസ്സിൻെറ ബന്ധവും അപേക്ഷയുമെല്ലാം അല്ലാഹുവിനോടാണല്ലോ എന്നുള്ളതുതന്നെ. സ്വഹാബികൾ ആചരിച്ചുവന്നിരുന്ന മന്ത്രങ്ങൾ നബി (സ) പരിശോധിച്ചിട്ട് ശിർക്കുള്ളതു വിരോധിക്കുകയും ശിർക്കില്ലാത്തതു അനുവദിക്കുകയും ചെയ്തു. ആകയാൽ മന്ത്രങ്ങളെല്ലാം ഒരു പോലെയല്ല. നമ്മുടെ ചില ആളുകൾ യാതൊരു വിവേചനവും കൂടാതെ മന്ത്രിക്കകയെന്ന സംഗതി പാടെ നിഷേധിക്കുകയും തള്ളിപ്പറയുകയും ചെയ്യാറുണ്ട്. അതു ശരിയല്ല.

**എഴുതിക്കെട്ടൽ**

രോഗം സുഖപ്പെടാനും രോഗം വരാതിരിക്കാനും പിശാചിൻെറ ബാധ ഒഴിവാക്കാനും ആളുകളുടെ സ്നേഹം നേടാനും മറ്റും ഓരോന്നു എഴുതിക്കെട്ടലും എഴുതിത്തൂക്കലും ഉണ്ടല്ലോ. കള്ളൻമാരെയും കൊള്ളക്കാരെയും തടുക്കാൻവേണ്ടി ബദ്രീങ്ങളുടെയും അഹ്ലുൽകഹ്ഫിൻെറയും അവരുടെ നായയുടെയും

പേരുകൾ എഴുതിത്തൂക്കാറുണ്ടല്ലോ. അല്ലാഹു  അല്ലാത്തവരിൽ നിന്ന് മറഞ്ഞ വഴിയിൽ രക്ഷതേടുകയെന്ന ശിർക്കിൻെറ അടിസ്ഥാന വേരു ഇതിലുള്ളതുകൊണ്ട് പരിശുദ്ധ വചനത്തിനു വിരുദ്ധമായ ശിർക്കിൻെറ ആരാധനകളാണിതെല്ലാം.

മന്ത്രങ്ങളെപ്പറ്റി പറഞ്ഞതുപോലെതന്നെ അല്ലാഹുവിൻെറ നാമങ്ങളും അല്ലാഹുവിനോടുള്ള തേട്ടവും മാത്രം ഉൾക്കൊള്ളുന്ന നിലക്കാണെങ്കിൽ ശിർക്കു വരികയില്ലെന്നു പറയാം. പക്ഷെ ആ ഉറുക്കിന് ഒരു മറഞ്ഞ ശക്തി ഉണ്ടെന്നോ അതെഴുതിയ ആൾക്ക് ആത്മീയമായ എന്തോ പ്രഭാവം ഉണ്ടെന്നോ കരുതിക്കൊണ്ടാണെങ്കിൽ ശിർക്കിൽനിന്നു രക്ഷപ്പെടുകയില്ല. അതിനു പുറമെ അല്ലാഹുവിൻെറ സഹായം ലഭിക്കുന്നതിന് ഇങ്ങനെ എഴുതിക്കെട്ടുകയോ തൂക്കുകയോ വേണമെന്നില്ല. വിനീതമായ മനസ്സിൽനിന്നുള്ള നിഷ്ക്കളങ്കമായ പ്രാർത്ഥനയാണതിനു വേണ്ടത്. അതുകൊണ്ട് ഈ എഴുതിക്കെട്ടൽ ഏതായാലും അനാവശ്യമാണ്. മാത്രമല്ല അതു കെട്ടുന്ന മനുഷ്യൻ മലവിസർജ്ജനം പോലെയുള്ള സന്ദർഭങ്ങളിൽ അതു ചുമക്കുന്നത് അനുചിതവുമാണ്.

### സത്യം ചെയ്യൽ

അല്ലാഹു അല്ലാത്തവരുടെ പേരിൽ ആണയിടൽ പരിശുദ്ധവചനത്തിന് കടകവിരുദ്ധമായ ശിർക്കിൻെറ ആരാധനയാണ്. എന്തുകൊണ്ടെന്നാൽ, 'മുഹ്യിദ്ദീൻ ശൈഖിനെയാണെ സത്യം' എന്ന് ആണയിടുന്നവൻെറ മനസ്സിലുള്ള വിചാരം എന്താണെന്നു നോക്കുക. ശൈഖവർകൾ ഈ സംഗതി അറിയും എന്ന് ഇവൻ കരുതുന്നു അതു മറഞ്ഞ അറിവാണ്. അതു മാത്രംമതി മനുഷ്യൻ കാഫിറാകാൻ. മനപൂർവ്വം കളവു പറയുന്നതാണെങ്കിൽ ശൈഖവർകൾ എന്നെ ശിക്ഷിച്ചുകൊള്ളട്ടെ എന്നൊരു സമ്മതവും ഇവിടെ വെളിപ്പെടുത്തുന്നുണ്ട്. യഥാർത്ഥത്തിൽ ശൈഖവർകൾ ഇതൊന്നും അറിയുന്നില്ല. ഇങ്ങനെ ഒരാൾ ഭൂമിയിലുണ്ടെന്ന കാര്യവും കൂടി ശൈഖവർകൾ അറിയുകയില്ല. മറഞ്ഞ അറിവും അധികാരവുമെല്ലാം അല്ലാഹുവിൻെറ പ്രത്യേകതയാണ്. എനിക്കു നേരിട്ട അപമാനത്തിൽ നിന്നും കുടുക്കിൽ നിന്നും എന്നെ മോചിപ്പിക്കണേ എന്നൊരു പ്രാർത്ഥനയും ഇവിടെയുണ്ട്. ഇത്തരം ശിർക്കിൻെറ വശങ്ങൾ അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്നതിൽ ഉൾക്കൊള്ളുന്നുണ്ട്. എന്നാൽ ഈവിധം അർത്ഥമില്ലാത്ത നിലയിലുള്ള ചില നാടോടി സത്യങ്ങളുണ്ട്. പള്ളിയാണെ, നിന്നെത്തന്നെയാണെ എന്നൊക്കെ പറയുന്നതുപോലെ. മേൽപറഞ്ഞ വിധത്തിലുള്ള അർത്ഥഗാംഭീര്യമൊന്നും ഈ വാക്കുകൾക്കില്ല. അതിനാൽ ഇത്തരം കഴമ്പില്ലാത്ത സത്യത്തിൽ ശിർക്കില്ല. പക്ഷെ ഇതുപേക്ഷിക്കേണ്ടതാണ്. പിതാക്കളുടെ പേരിൽ ആണയിടൽ പ്രത്യേകം വിരോധിച്ചിട്ടുണ്ട്. എന്നാൽ പിതാവ് അദൃശ്യമായ അറിവും കഴിവും ഉണ്ടെന്ന് അന്ധവിശ്വാസികൾ കരുതുന്ന ഒരു മഹാനോ ശൈഖോ ആണെങ്കിൽ അയാളുടെ പേരിൽ ആണയിടുന്നതിൽ മേൽ പറഞ്ഞ തരത്തിലുള്ള അർത്ഥം ഉണ്ടാകും. അപ്പോൾ അതും ശരിയായ ശിർക്കുതന്നെയാണ്.

'മുഹ്യിദ്ദീൻ ശൈഖിനെത്തന്നെയാണെ സത്യം' എന്ന് ആണയിടുന്നതിൽ അദൃശ്യമായ കഴിവിൽ വിശ്വസിച്ചുകൊണ്ടുള്ള അതിരുകവിഞ്ഞ വന്ദിക്കലും പ്രാർത്ഥനയും ഉൾക്കൊള്ളുന്നതുകൊണ്ട് അതു ശൈഖവർകളെ ആരാധിക്കൽ തന്നെയാകുന്നു. നമസ്കാരം, നോമ്പ് മുതലായ ചില കർമ്മങ്ങൾ മാത്രമാണ് ആരാധനയെന്നേ നമ്മുടെ ചിലയാളുകൾ മനസ്സിലാക്കിയിട്ടുള്ളു. അതു ശരിയല്ല. അദൃശ്യമായ കഴിവിൽ വിശ്വസിച്ചു കൊണ്ടുള്ള എല്ലാ വന്ദനവും ആരാധനയാകുന്നു. നമസ്കാരം തന്നെ ആരാധനയായിട്ടും അല്ലാതെയും വരും. അല്ലാഹുവിനോടുള്ള ഭയഭക്തിയാണ് അതിനു പ്രേരിപ്പിക്കുന്നതും, അല്ലാഹുവികൽ നിന്നുള്ള പ്രതിഫലമാണ് ആശിക്കുന്നതും എങ്കിൽ അതു ആരാധനയാണ്. വേറെ വല്ലതുമാണാശിക്കുന്നതെങ്കിൽ അല്ലാഹുവിനുള്ള ആരാധനയല്ല.

ഖുത്ത്ബിയ്യത്ത് എന്ന പേരിൽ അറിയപ്പെടുന്ന ഒരു നേർച്ചയുണ്ടല്ലോ. അതിൻെറ പരിപാടിയിൽ പന്ത്രണ്ടു റക്അത്തു നമസ്കാരം എന്ന ഒരിനമുണ്ട്. അല്ലാഹു അക്ബർ എന്നു തന്നെയാണതിൻെറ തുടക്കം. ഫാത്തിഹയും മറ്റും തന്നെയാണതിൽ ഓതുന്നത്. പക്ഷെ ആ നമസ്കാരം മുഹ്യുദ്ദീൻ ശൈഖിന് ആരാധനയാണ്.

**തഖ്ലീദ്**

ഒരു ഇമാമിൻെറ അഭിപ്രായം തെളിവു അന്വേഷിക്കാതെ സ്വീകരിക്കലാണ് തഖ്ലീദ്. (തെളിവു മനസ്സിലാക്കിക്കൊണ്ടു സ്വീകരിക്കുകയാണകിൽ അതു തഖ്ലീദല്ല) തഖ്ലീദ് ഫർളാണെന്നാണ് സുന്നി മുസ്ലിയാക്കൾ വാദിക്കുന്നത്. തഖ്ലീദിൽ അതിരു കവിഞ്ഞ ഒരു വശമുണ്ട്. ഇമാമിൻെറ അഭിപ്രായം സ്വീകരിച്ചു പ്രവർത്തിക്കുമ്പോൾ അതിനെതിരായി നബി വചനങ്ങളിൽ തെളിവുണ്ടെന്ന് വിവരം ലഭിച്ചിട്ടും അതിലേക്കു മടങ്ങാതെ വാശിപിടിച്ച് ഭക്തിപൂർവ്വം, ഇമാമിൻെറ അഭിപ്രായം കയ്യൊഴിക്കുന്നപക്ഷം എന്തോ അപകടം സംഭവിക്കുമെന്നു പേടിക്കുക. ഈ നിലയിൽ തഖ്ലീദ് ചെയ്യൽ പരിശുദ്ധവചനത്തിനു കടകവിരുദ്ധമായ ശിർക്കിൻെറ ആരാധനയാകുന്നു. എന്നാൽ ഇമാമവർകൾ ഖുർആനിൽനിന്നും ഹദീസിൽ നിന്നുമുള്ള തെളിവ് അടിസ്ഥാനപ്പെടുത്തിയാണ് അഭിപ്രായം പറഞ്ഞിരിക്കുക, യാതൊരു തെളിവും കൂടാതെ സ്വന്തം നിലയിൽ ഒരിക്കലും പറയുകയില്ല എന്നുള്ള വിശ്വാസത്താൽ തഖ്ലീദ് ചെയ്യുകയും ഹദീസിൽ നിന്നു തെളിവ് കിട്ടുമ്പോൾ അതിലേക്കു മടങ്ങാൻ തയ്യാറായിക്കൊണ്ടിരിക്കുകയുമാണെങ്കിൽ ആ തഖ്ലീദിൽ ശിർക്കു വരികയില്ല. എങ്കിലും അതു തെറ്റാണ്. തെളിവോടുകൂടി വിഷയം പഠിക്കുന്നതാണ് ശരി. ഒരു കാര്യം വാജിബാണെന്നോ ഹറാമാണെന്നോ പറയുമ്പോൾ അതിൻെറ തെളിവു ഇമാമിൻെറ വാക്കാണെന്നു മനസ്സിലാക്കിയാൽ പോരാ, അല്ലാഹുവിൻെറ വചനമോ നബിവചനമോ ആണ് തെളിവ് എന്നു കൂടെ പഠിച്ചിരിക്കണം അതു കൂടുതൽ നല്ലതാണെന്ന് ആരാണു സമ്മതിക്കാതിരിക്കുക.

നമ്മുടെ സമുദായത്തിൽ വളരെ ആഴത്തിൽ വേരൂന്നിയിട്ടുള്ളതും പടർന്നു പിടിച്ചിട്ടുള്ളതുമായ ശിർക്കിൻെറ ചില വശങ്ങൾക്ക് ഉദാഹരണങ്ങളാണ് ഇതുവരെ പറഞ്ഞത്. പരിപൂർണ്ണവും സമഗ്രവുമായ ഒരു വിവരണമല്ല ഇത്. ശിർക്കിൻെറ യാതൊരു ചുവയും കൂടാതെ പൂർണ്ണമായി രക്ഷപ്പെട്ട ആളെ കാണാൻ പ്രയാസമായിത്തീർന്നിരിക്കുന്നു.

മേൽപറഞ്ഞ വിഷയങ്ങൾ ഓരോന്നിനും പ്രത്യേകം പ്രത്യേകം തെളിവുകൾചൂണ്ടിക്കാണിച്ചിട്ടില്ല. ചൂണ്ടിക്കാണിക്കേണ്ട ആവശ്യവുമില്ല. സൃഷ്ടിയുടെ പ്രീതിയും സഹായവും മറഞ്ഞ മാർഗ്ഗത്തിൽക്കൂടി ആശിക്കുകയോ വെറുപ്പും ഉപദ്രവവും ഭയപ്പെടുകയോ ചെയ്യുന്നുണ്ടോ എന്നു മാത്രമെ നോക്കേണ്ടതുള്ളൂ. വാക്കുരൂപത്തിലോ പ്രവൃത്തിരൂപത്തിലോ കേവലം മാനസികമായിട്ടോ ഒരു സൃഷ്ടിയുടെ നേരെ താഴ്മ കാണിക്കുന്ന നില വന്നു പോയാൽ അത് ആ സൃഷ്ടിയെ ആരാധിക്കലാണ്. മറഞ്ഞവഴി എന്നു പറഞ്ഞത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതാണു കാര്യത്തിൻെറ മർമ്മം.

ഒരു ചോദ്യം: നമസ്കാരം, നോമ്പ്, ഹജ്ജ് മുതലായവ പുണ്യകർമ്മങ്ങൾ മനുഷ്യരെ ബോദ്ധ്യപ്പെടുത്തുകയും തൃപ്തിപ്പെടുത്തുകയും അവരെക്കൊണ്ടു നല്ലതു പറയിപ്പിക്കുകയും ചെയ്യുകയെന്ന (രിയാഇൻെറ) ഉദ്ദേശത്തോടുകൂടി ചെയ്താൽ മനുഷ്യൻ കാഫിറാകുമോ? മുഹ്യിദ്ദീൻ ശൈഖിൻെറ പൊരുത്തത്തിനുവേണ്ടി നിസ്കരിച്ചാൽ കാഫിറാകുമല്ലോ. (ഉത്തരം) ലോകമാന്യത്തിനുവേണ്ടി ഇബാദത്തെടുക്കുന്നതിൽ മറഞ്ഞ വഴിയിൽക്കൂടി യാതൊരു ആശയും ഭയവും ഇല്ലല്ലോ. ആളുകൾ കാണാനും മറ്റും ആഗ്രഹിക്കുന്നത് തെളിഞ്ഞ വഴിയിൽക്കൂടി ത്തന്നെയാണ്. അതിനാൽ ശാശ്വതനരകത്തിനിടയാക്കുന്ന ശിർക്ക് അതിൽ വരികയില്ല. മുഹ്യിദ്ദീൻ ശൈഖിൻെറ പൊരുത്തത്തിനുവേണ്ടി നിസ്കരിക്കുന്നേടത്ത് “ശൈഖ് അതറിയലും” ശൈഖിൽനിന്ന് “സഹായം ലഭിക്കലും” മറ്റുമെല്ലാം മറഞ്ഞ വഴിയിൽക്കൂടിയാണ്. അതുകൊണ്ട് അതു കഠിന ശിർക്കു തന്നെയാണ്.

സത്യത്തെ ഇഷ്ടപ്പെടുകയും സത്യവാൻമാരെ സ്നേഹിക്കുകയും ചെയ്യുന്ന ലോകരക്ഷിതാവായ അല്ലാഹുവേ, ഈ മുസ്ലിയാക്കൻമാരെ ഈ നിലയിൽ വിഹരിക്കുവാൻ അയച്ചു വിടുകയും പണവും പദവിയും പ്രതാപവുമുള്ളവർ നാനാവിധത്തിൽ അവരുടെ സഹായികളായിത്തീരുകയും ചെയ്താൽ യാതൊന്നിനും കഴിയാത്ത പാവങ്ങളായ ഞങ്ങൾ എന്തുചെയ്യും? ബുദ്ധിമുട്ടുകളും കഷ്ടനഷ്ടങ്ങളും പരിഹാസവും കളിയാക്കലുമെല്ലാം സഹിക്കുവാനും പ്രയാസങ്ങളെ പ്രതിരോധിച്ചു മുന്നേറുവാനും അടിയങ്ങൾക്കു കഴിവു നൽകണേ! ഞങ്ങൾക്കു നിഷ്കളങ്കമായ മനസ്ഥിതിയും ഞങ്ങളുടെ പാദങ്ങൾക്ക് സ്ഥിരതയും നൽകി അനുഗ്രഹിക്കണേ! ആമീൻ.